കവർസ്റ്റോറി

റാശിദുൽ ഗനൂശി

# സ്ത്രീയുടെ രാഷ്ട്രീയ പങ്കാളിത്തം

## അവകാശം മാത്രമല്ല, അനിവാര്യത



**ഇങ്ങനെയൊരു** തലക്കെട്ട് കൊടുക്കേണ്ടിവന്നത് രാഷ്ട്രീയ ജീവിതത്തിലെ സ്ത്രീപങ്കാളിത്തം ഇപ്പോഴും ചില മുസ്‌ലിം സമൂഹങ്ങളിൽ ഒരു പ്രശ്നമായി നിലനിൽക്കുന്നു എന്നതുകൊണ്ടാണ്. ഇക്കാര്യത്തിൽ ഇസ്‌ലാമിന്റെ അധ്യാപനങ്ങളും നിലപാടുകളും വളരെ വ്യക്തമാണ്. എന്നിട്ടും സ്ത്രീയെ രാഷ്ട്രീയ ജീവിതത്തിൽനിന്ന് പാടെ അകറ്റിനിർത്തുന്ന പ്രവണത നിലനിൽക്കുന്നു.

അല്ലാഹുവിൽ വിശ്വസിക്കണമെന്നും അവന്റെ കൽപനകൾക്ക് വഴിപ്പെടണമെന്നും ഉദ്ബോധിപ്പിക്കുന്ന ഒരു ദീനീ പ്രസ്ഥാനമായിട്ടാണ് ഇസ്‌ലാമിന്റെ ആഗമനം. അതേസമയം ഈ പ്രസ്ഥാനം ഒരു സമൂല സാമൂഹിക രാഷ്ട്രീയ വിപ്ലവത്തെയും ആവാഹിച്ചിരുന്നു. ആ വിപ്ലവം അറബികളുടെ ജീവിതത്തെ ആഴത്തിലും പരപ്പിലും പൂർണമായി മാറ്റിക്കളഞ്ഞു. അതിനാൽ ഈ ആദർശത്തെ ആദ്യം നെഞ്ചേറ്റിയ സമൂഹം നമ്മുടെ കാലത്തെ ലക്ഷ്യബോധമുള്ള വിപ്ലവ പ്രസ്ഥാനങ്ങളെപ്പോലെയുള്ള ഒന്നായിരുന്നു. വ്യക്തികളെയും വ്യക്തിബന്ധങ്ങളെയും മാത്രമല്ല അത് മാറ്റിയത്. അധികാരസ്ഥാനങ്ങളെയും അത് മാറ്റിക്കളഞ്ഞു. യാഥാസ്ഥിതിക പാരമ്പര്യശക്തികൾക്കെതിരെ

വിപ്ലവപ്രസ്ഥാനത്തിൽ അണിചേരുന്നതിന് തുല്യമായിരുന്നു ഈ പുതിയ ദീനിൽ അണിചേരുന്നതും. യാഥാസ്ഥിതിക ചിന്തകളെയും ബന്ധങ്ങളെയും ജീവിതശൈലികളെയുമെല്ലാം അത് ചോദ്യം ചെയ്തു. നിരന്തരമായ പോരാട്ടം തന്നെയായിരുന്നു അത്. അതായത് സ്വന്തത്തോട്, ചുറ്റുപാടുകളോട്, ലോകത്തോട് നടത്തുന്ന ഒരു കലാപം. ഈ ചിന്തയുടെയും അതിന്റെ അടിത്തറയിൽ സ്ഥാപിതമാവുന്ന പ്രസ്ഥാനത്തിന്റെയും അപകടം പാരമ്പര്യ യാഥാസ്ഥിതിക ശക്തികൾ തിരിച്ചറിഞ്ഞിരുന്നു. വിപ്ലവ പ്രസ്ഥാനത്തെ തകർക്കാൻ ഇന്നത്തെ യാഥാസ്ഥിതിക വിഭാഗങ്ങൾ പ്രയോഗിക്കുന്ന അതേ അടവുകൾ തന്നെയാണ് അന്നത്തെ പാരമ്പര്യ ശക്തികളും പ്രയോഗിച്ചത്. കള്ളാരോപണങ്ങൾ, ഉപരോധം, പട്ടിണിക്കിടൽ, അടിച്ചമർത്തൽ, ആട്ടിയോടിക്കൽ, ഒടുവിൽ യുദ്ധപ്രഖ്യാപനം.

സ്വാഭാവികമായും ഈ വിപ്ലവപ്രസ്ഥാനത്തിൽ അണിചേർന്നവർ അതിന്റെ ആദർശങ്ങൾ സംരക്ഷിക്കാൻ വേണ്ടി തങ്ങളുടെ നേതൃത്വത്തിന് പിന്നിൽ അണിനിരന്നു. സമൂഹത്തെയും രാഷ്ട്രത്തെയും സംരക്ഷിക്കാനായിരുന്നു ഈ പോരാട്ടം. വിപ്ലവ പ്രസ്ഥാനത്തിന്റെ നായകൻ തന്റെ രക്ഷിതാവിങ്കലേക്ക് യാത്രയായപ്പോൾ അറിവും പരിചയവും പ്രാഗത്ഭ്യവുമുള്ളവർ ഒത്തുകൂടി പുതിയ നേതൃത്വത്തെ തെരഞ്ഞെടുത്തു. തങ്ങളുടെ നായകൻ തുടങ്ങിവെച്ച വിപ്ലവദൗത്യം തുടരണമെന്ന കാര്യത്തിൽ ഒരാൾക്കും എതിരഭിപ്രായമുണ്ടായിരുന്നില്ല. അങ്ങനെ വിപ്ലവദൗത്യവും സമൂഹവും രാഷ്ട്രവും നേതൃത്വവും ഒന്നിച്ചൊന്നായി മുന്നോട്ട്.

ഈ വിപ്ലവ ദൗത്യത്തിന്റെ ജനനം മുതൽ അതിന്റെ എല്ലാ ഘട്ടങ്ങളിലും കാൽവെപ്പുകളിലും സ്ത്രീ പങ്കാളിത്തം ഉണ്ടായിരുന്നുവെന്നത് അനിഷേധ്യമാണ്. പ്രബോധന പ്രവർത്തനങ്ങളിലും പോരാട്ടങ്ങളിലും സ്ത്രീ സജീവ സാന്നിധ്യമറിയിച്ചിരുന്നു. ആദ്യം ഇസ്‌ലാം സ്വീകരിച്ചത് ഒരു സ്ത്രീയാണ്. ആദ്യത്തെ രക്തസാക്ഷിയും സ്ത്രീ തന്നെ. അവൾ എത്യോപ്യയിലേക്കുള്ള പലായനത്തിൽ പങ്കാളിയായിരുന്നു. മദീനയിലേക്ക് പലായനം ചെയ്യാനും അവിടെ ഒരു ഇസ്‌ലാമിക ഭരണസംവിധാനം സ്ഥാപിക്കാനും തീരുമാനമായ ചരിത്രപ്രധാനമായ രണ്ടാം അഖബാ ഉടമ്പടിക്ക് അവൾ സാക്ഷിയാണ്. സാധാരണഗതിയിൽ സ്ത്രീ മുറുകെ പിടിക്കുന്ന ദാമ്പത്യം, വീട്, സന്താനങ്ങൾ, സ്വത്ത് തുടങ്ങിയവയെല്ലാം ഈ ആദർശത്തിന്റെ സാക്ഷാത്കാരത്തിന് വേണ്ടി അവൾ ത്യജിച്ചു. ഇസ്‌ലാമിലെ മഹത്തായ ചരിത്ര സംഭവങ്ങൾക്കെല്ലാം അവൾ ദൃക്സാക്ഷി. സംഘടനാ കെട്ടുറപ്പിനെ ഉലക്കുന്ന പ്രശ്നങ്ങൾ ഉയർന്നുവന്നപ്പോൾ അത് പരിഹരിക്കാനായി വിപ്ലവനായകൻ തന്നെ അവളുടെ അഭിപ്രായം സ്വീകരിക്കുന്നു. ഹുദൈബിയ ദിനത്തിൽ നേതാവും അണികളും തമ്മിലുള്ള ബന്ധം ഉലയുമെന്ന് തോന്നിച്ച ഘട്ടത്തിൽ സ്വന്തം പത്നി ഉമ്മുസലമയുടെ അഭിപ്രായം സ്വീകരിച്ചാണ് പ്രവാചകൻ പ്രശ്നത്തിന് പരിഹാരം കണ്ടത്.

നബിയുടെ വീട്ടിലെ സ്ത്രീയായിരുന്നു ഇസ്‌ലാമിക വിജ്ഞാനങ്ങൾ സ്വായത്തമാക്കി അവ സമൂഹത്തിന് പകർന്നുകൊടുത്തത്. അവൾ ദഅ്‌വത്തും ജിഹാദും ഹിജ്റയും നടത്തി, പീഡിപ്പിക്കപ്പെട്ടു. നന്മ പ്രചരിപ്പിക്കുകയും തിന്മ തടയുകയും ചെയ്യുന്ന കർമമണ്ഡലങ്ങളിലെല്ലാം അവളുടെ സാന്നിധ്യം സജീവം. ഒരു പ്രദേശത്തിന്റെ നിതീന്യായമുൾപ്പെടെയുള്ള ഉയർന്ന ഭരണപരമായ ഉത്തരവാദിത്വങ്ങൾ (ഖദാഉൽ ഹിസ്ബ) വരെ അവളെ ഏൽപിച്ചുകൊടുത്തു. ഖലീഫമാരെ നിശ്ചയിക്കുമ്പോൾ അവളുമായി കൂടിയാലോചിച്ചു. ഖുലഫാഉർറാശിദുകളിൽപെട്ട പ്രമുഖനായ ഒരു ഖലീഫക്കെതിരെയുള്ള സായുധ പ്രതിപക്ഷനിരക്ക് നേതൃത്വം നൽകിയത് ഒരു സ്ത്രീയാണ്. ഈ നിരയിൽ സ്വർഗം വാഗ്ദാനം ചെയ്യപ്പെട്ടവർ ഉൾപ്പെടെ പ്രമുഖ

രായ നിരവധി സ്വഹാബിവര്യന്മാർ ഉണ്ടായിരുന്നു. ഇതൊന്നും രാഷ്ട്രീയ പങ്കാളിത്തമല്ലെങ്കിൽ, പിന്നെ എന്താണ് ഈ രാഷ്ട്രീയ പങ്കാളിത്തം എന്നു പറയുന്നത്? ഒരു വിപ്ലവസംഘം, ഒരു ചെറിയ രാഷ്ട്രം എന്ന നിലയിൽനിന്ന് ഇസ്‌ലാമെന്ന പ്രത്യയശാസ്ത്രം അതിന്റെ ചിന്തകളാലും ബന്ധങ്ങളാലും സ്ഥാപനങ്ങളാലും ഒരു ആഗോള സാന്നിധ്യമായി വളർന്നപ്പോൾ, ഈ വളർച്ചയിൽ സ്ത്രീപങ്കാളിത്തമില്ലാത്ത ഏതെങ്കിലുമൊരു ഘട്ടത്തെ ചൂണ്ടിക്കാണിച്ചു തരാൻ പറ്റുമോ? ഇന്നത്തെ പുതിയ രാഷ്ട്രീയ സംവിധാനങ്ങളും സമാധാനപരമായ അധികാരക്കൈമാറ്റം സാധ്യമാക്കുന്ന തെരഞ്ഞെടുപ്പ് പോലുള്ള പ്രക്രിയകളും അന്നുണ്ടായിരുന്നില്ലല്ലോ എന്നൊക്കെ ന്യായം ചമച്ചാണ് ചിലർ സ്ത്രീയുടെ രാഷ്ട്രീയ പങ്കാളിത്തത്തെ എതിർക്കുന്നത്. ചില വാക്കുകളിലും പ്രയോഗങ്ങളിലും കടിച്ചുതൂങ്ങി അനീതിക്കെതിരെയുള്ള പോരാട്ടമുഖങ്ങളിലൊന്നും സ്ത്രീ വേണ്ടതില്ലെന്നാണ് അവരുടെ തിട്ടൂരം. ഇതിനൊക്കെയുള്ള ഇസ്‌ലാമികമായ ന്യായം എന്താണ്? ഇസ്‌ലാം എല്ലാ കാലത്തേക്കും ദേശത്തേക്കുമുള്ളതാണെങ്കിൽ, നമ്മുടെ കാലത്തു മാത്രം സ്ത്രീ എങ്ങനെയാണ് പുറത്തായിപ്പോകുന്നത്? വാക്കുകളിൽ തൂങ്ങിപ്പിടിക്കാതെ നാം ആശയത്തിലേക്ക് കടന്നുചെല്ലുക.

സാമൂഹിക, രാഷ്ട്രീയ ജീവിതത്തിൽ പങ്കാളിയാകാനുള്ള മുസ്‌ലിം സ്ത്രീയുടെ അവകാശങ്ങൾ ഉയർത്തിക്കാട്ടുന്ന വേദവാക്യങ്ങളും പ്രവാചകവചനങ്ങളും എടുത്തുചേർക്കാൻ മാത്രം വിശാലമല്ല ഈ അധ്യായം. ഒരൊറ്റ കാര്യം നാമിവിടെ ഓർമിച്ചിരുന്നാൽ മതി. വിലക്കുകൾ ഇല്ലാത്ത എന്തു കാര്യവും ചെയ്യാനുള്ള അനുവാദ(ഇബാഹത്)വും സ്വാതന്ത്ര്യവുമാണ് ഇസ്‌ലാമിക നിയമസംഹിതയുടെ അടിസ്ഥാനം. അതുപോലെ മുസ്‌ലിം സ്ത്രീപുരുഷന്മാരെ സംബന്ധിക്കുന്ന ഏതു കാര്യത്തിലും സമത്വമാണ് അല്ലാഹു നിഷ്കർഷിക്കുന്നതെന്നതും മറ്റൊരു അടിസ്ഥാനമാണ്. ഒരേ പ്രശ്നം സ്ത്രീപുരുഷന്മാർക്കിടയിൽ വ്യത്യസ്ത രീതിയിൽ കൈകാര്യം ചെയ്യണമെങ്കിൽ, അതിനെ സാധൂകരിക്കുന്ന പ്രമാണങ്ങൾ വ്യക്തമാക്കിയിരിക്കണം. സ്ത്രീകളുടെ അവകാശങ്ങൾ പ്രമാണങ്ങളുടെ പിൻബലത്തിൽ ക്രോഡീകരിക്കപ്പെട്ട നമ്മുടെ കാലത്തെ ഏറ്റവും മനോഹരമായ ഒരു ഗ്രന്ഥത്തിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. അബ്ദുൽ ഹലീം അബൂ ശഖ എന്നൊരാളാണ് ഗ്രന്ഥകാരൻ. ഗ്രന്ഥത്തിന്റെ പേര് 'സ്ത്രീ വിമോചനം പ്രവാചക കാലഘട്ടത്തിൽ' (*തഹ്‌രീറുൽ മർഅ ഫീ അസ്വ്‌രി രിസാല*). അത്യന്തം സ്ഫോടനശേഷിയുള്ള കൃതി; ഒപ്പം ഒരു പ്രകാശഗോപുരവും. 1300 പേജുള്ള പുസ്തകത്തിൽ സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചും മറ്റും ബുഖാരി, മുസ്‌ലിം എന്നീ ഹദീസ് കൃതികളിൽ വന്ന പ്രവാചക വചനങ്ങൾ മാത്രം ക്രോഡീകരിച്ച് വിശകലനം നടത്തുകയാണ് ചെയ്തിട്ടുള്ളത്.

നന്മ കൽപിക്കുക, തിന്മ വിരോധിക്കുക ഇതാണ് ഇസ്‌ലാമിക പ്രബോധനത്തിന്റെ രണ്ട് ആധാരശിലകൾ; പ്രബോധനം വ്യക്തിപരമാവട്ടെ സാമൂഹികമാവട്ടെ, യുദ്ധകാലത്താവട്ടെ സമാധാനകാലത്താവട്ടെ. ഇത് പൊതുബാധ്യതയാണ്; പുരുഷന്മാർക്കെന്ന പോലെ സ്ത്രീകൾക്കും ബാധകമായത്. അക്കാര്യം അർഥശങ്കക്കിടയില്ലാത്തവിധം പ്രഖ്യാപിക്കുന്ന ഒരു മഹദ് വചനമുണ്ട് ഖുർആനിൽ: "സത്യവിശ്വാസികളും വിശ്വാസിനികളും പരസ്പരം സഹായികളും മിത്രങ്ങളുമാകുന്നു" (*അത്തൗബ* 7). പതിനാല് നൂറ്റാണ്ടുകൾ കഴിഞ്ഞു ഈ സൂക്തം അവതരിച്ചിട്ട്. വർണത്തിന്റെയും വംശത്തിന്റെയും ലിംഗത്തിന്റെയും പേരിലുള്ള സകലവിധ വിവേചനങ്ങൾക്കും അറുതിവരുത്തിയ ഇസ്‌ലാമിന്റെ പ്രഖ്യാപനങ്ങൾ. തുടർന്നുണ്ടായ വിപ്ലവകരമായ പരിവർത്തനങ്ങൾ. സകലവിധ അടിമത്തങ്ങളിൽ നിന്നുമുള്ള സ്ത്രീയുടെ വിമോചനവും അതിൽ പെടും. ഇതൊക്കെ പകൽവെളിച്ചം പോലെ വ്യക്തമായിരിക്കെ, ചില മുസ്‌ലിം

**തനിക്ക് ശരിയെന്ന് തോന്നുന്ന അഭിപ്രായം ഏത് വേദികളിലും തുറന്നു പറയാനുള്ള അവകാശം സ്ത്രീക്കുണ്ട്. നന്മ പ്രചരിപ്പിക്കാനും തിന്മ തടയാനും അവൾക്ക് രംഗത്തിറങ്ങാം. ഈ ധർമങ്ങൾ നിറവേറ്റുന്ന സഭകളിൽ അവൾക്ക് അംഗത്വം പാടില്ല എന്ന് നിഷ്കർഷിക്കുന്ന ഒരു പരാമർശവും പ്രമാണങ്ങളിൽ വന്നിട്ടില്ല.**



രാജ്യങ്ങളിൽനിന്നെങ്കിലും സ്ത്രീയുടെ രാഷ്ട്രീയ പങ്കാളിത്തം വിലക്കുന്ന ഫത്വകൾ പുറത്തുവരുന്നത് ലജ്ജാകരമല്ലേ? സ്ത്രീയെ ഒരു വോട്ടറായി അംഗീകരിക്കാൻ പോലും ചില മതവൃത്തങ്ങൾ തയാറല്ല. വിഷയത്തിന്റെ രണ്ടാമത്തെ ഭാഗം, സ്ത്രീക്ക് ഒരു ഗ്രാമത്തിന്റെയോ ഒരു നഗരത്തിന്റെയോ മറ്റോ അധികാര സ്ഥാനങ്ങളിലേക്ക് മത്സരിക്കാമോ എന്നതാണ്. മൗലാനാ അബുൽ അഅ്ലാ മൗദൂദിയെപോലെ ഉൾക്കാഴ്ചയുള്ള പണ്ഡിതന്മാർ വരെ സ്ത്രീകൾ സ്ഥാനാർഥികളാകുന്നത് വിലക്കിയിട്ടുണ്ട്. മുഹമ്മദുൽ ഗസ്സാലി, യൂസുഫുൽ ഖറദാവി തുടങ്ങിയ സമകാലിക ഇസ്ലാമികപ്രസ്ഥാനങ്ങളുടെ മുൻനിരയിലുള്ളവർ സ്ത്രീക്ക് സ്ഥാനാർഥിയാവാം എന്ന് അനുവദിച്ചിട്ടുമുണ്ട്. പ്രതിനിധി സഭകളിലേക്ക് സ്ത്രീ മത്സരിച്ചുകൂടാ എന്ന് വാദിക്കുന്നവർ പറയുന്നത്, അത് രാഷ്ട്ര ഭരണ(വിലായ ആമ്മ)ത്തിന്റെ മണ്ഡലമാണെന്നും പുരുഷന്മാർക്കല്ലാതെ സ്ത്രീകൾക്ക് അവിടെ പ്രവേശനമില്ലെന്നുമാണ്. പുരുഷന്മാർ സ്ത്രീയുടെ നാഥന്മാരാണെന്ന് സമർഥിക്കുന്ന ഖുർആൻ സൂക്തത്തിന് (*അന്നിസാഅ്* 34) ഇത് എതിരാവുമെന്നും അവർ വാദിക്കുന്നു. ഈ നില അട്ടിമറിച്ച് പുരുഷന്മാർക്കുമേൽ സ്ത്രീകൾ വാഴുന്നത് എങ്ങനെ പൊറുപ്പിക്കും? ഇവിടെ രണ്ട് കാര്യങ്ങൾ വ്യക്തമാക്കാൻ ഞാൻ ഉദ്ദേശിക്കുന്നു.

ഒന്ന്, പൊതുഭരണ സ്ഥാപനങ്ങളിലേക്ക് സ്ഥാനാർഥികളാവുന്ന സ്ത്രീകളുടെ എണ്ണം എപ്പോഴും വളരെ പരിമിതമായിരിക്കും. സീറ്റുകളുടെ സിംഹഭാഗവും പുരുഷന്മാരുടെ കൈവശം തന്നെയായിരിക്കും. പുരുഷന്മാർക്ക് ഭൂരിപക്ഷമുള്ള ഒരു സഭ/സമിതി ആയിരിക്കുമല്ലോ കാര്യങ്ങൾ തീരുമാനിക്കുന്നതും നടപ്പാക്കുന്നതും. അതിനാൽ സ്ത്രീകൾ മത്സരിച്ച് തുടങ്ങിയാൽ അവരുടെ കീഴിലായിപ്പോകും പുരുഷന്മാർ എന്ന് പറയുന്നതിൽ യാതൊരു ന്യായവുമില്ല.[1]

രണ്ട്, പുരുഷന്മാർ സ്ത്രീകളുടെ നാഥന്മാരാണ് എന്ന പരാമർശം വൈവാഹിക ജീവിതത്തെക്കുറിച്ചുള്ളതാണെന്നതിന് ആ ഖുർആനിക സൂക്തത്തിൽ തന്നെ തെളിവുകളുണ്ട്. കുടുംബത്തിന്റെ നാഥൻ പുരുഷനാണ് എന്ന് പറയുകയാണ്. "പുരുഷ

ന്മാർ അവരുടെ ധനം ചെലവഴിക്കുന്നതിനാലും" (*അന്നിസാഅ്* 34) എന്ന് ആ സൂക്തത്തിൽ വന്നിട്ടുണ്ട്. കുടുംബത്തിന്റെ നേതൃത്വം (ഖവ്വാമ) എന്നത് പുരുഷന്മാർക്ക് നൽകിയ ഒരു സ്ഥാനമാണെന്നും താഴെ കൊടുക്കുന്ന സൂക്തത്തിൽനിന്ന് തെളിയുന്നുണ്ട്: "സ്ത്രീകൾക്ക് ബാധ്യതകൾ ഉള്ളതുപോലെ തന്നെ ന്യായമായ അവകാശങ്ങളുമുണ്ട്. എന്നാൽ പുരുഷന്മാർക്ക് അവരേക്കാൾ ഒരു പദവി കൂടുതലുണ്ട്" (*അൽബഖറ* 228). കുടുംബഘടനക്ക് പുറത്ത് ചില കാര്യങ്ങളിൽ പുരുഷന്മാർക്ക് നേതൃത്വം നൽകുന്നത് സ്ത്രീ ആയിപ്പോയാൽ അത് തടയേണ്ടതാണ് എന്നൊന്നും ഈ സൂക്തങ്ങളിൽനിന്ന് സിദ്ധിക്കുന്നില്ല. "തങ്ങളുടെ കാര്യംസ്ത്രീയെ ഏൽപിച്ച ഒരു സമൂഹവും വിജയിക്കില്ല" എന്ന ബുഖാരി ഉദ്ധരിച്ചനബിവചനത്തിൽനിന്ന്, ഭരണാധികാരത്തിന്റെ നേതൃത്വം സ്ത്രീയെ ഏൽപിക്കരുത് എന്നേ നന്നെക്കവിഞ്ഞാൽ സിദ്ധിക്കുകയുള്ളൂ. 'തങ്ങളുടെ കാര്യം' (അംറഹും) എന്ന പ്രയോഗത്തിൽനിന്ന് അത് വ്യക്തമാണ്. അതേസമയം ഫത്വ, ഇജ്തിഹാദ്, അധ്യാപനം, ഹദീസ് നിവേദനം, ഭരണനിർവഹണം തുടങ്ങിയ കാര്യങ്ങളിൽ അവൾക്ക് നേതൃപദവിയുണ്ടാകുന്നതിൽ (വിലായത്ത്) ഒരു പണ്ഡിതനും തെറ്റ് കാണുന്നില്ല. നീതിന്യായത്തിൽ വരെ, ചില വ്യവസ്ഥകളോടെ, ഇതാകാമെന്ന് അബൂഹനീഫയെപ്പോലുള്ള പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങളിലൊന്നും സ്ത്രീവിലായത്തിനെ തടയുന്ന ഇസ്ലാമികാധ്യാപനങ്ങൾ ഇല്ല എന്നാണല്ലോ ഇതിന്റെ അർഥം. നേരത്തെ സൂചിപ്പിച്ച നബിവചനത്തിന് ഒരു പ്രത്യേക ചരിത്ര പശ്ചാത്തലമുണ്ട്. പേർഷ്യയിലെ ചക്രവർത്തി മരിച്ചപ്പോൾ അവിടത്തെയാളുകൾ അദ്ദേഹത്തിന്റെ മകളെ ഭരണാധികാരിയായി തെരഞ്ഞെടുത്തു. അപ്പോഴാണ് നബി അങ്ങനെ പറഞ്ഞത്. ഭരണാധികാരത്തിൽ പരിമിതമാണ് ആ പരാമർശമെന്ന് വ്യക്തം.

തനിക്ക് ശരിയെന്ന് തോന്നുന്ന അഭിപ്രായം ഏത് വേദികളിലും തുറന്ന് പറയാനുള്ള അവകാശം സ്ത്രീക്കുണ്ട്. നന്മ പ്രചരിപ്പിക്കാനും തിന്മ തടയാനും അവൾക്ക് രംഗത്തിറങ്ങാം. ഈ ധർമങ്ങൾ നിറവേറ്റുന്ന സഭകളിൽ അവൾക്ക് അംഗത്വം പാടില്ല എന്ന് നിഷ്കർഷിക്കുന്ന ഒരു പരാമർശവും പ്രമാണങ്ങളിൽ വന്നിട്ടില്ല. ഇസ്ലാമിക ചരിത്രത്തിലെ ഉന്നത കൂടിയാലോചനാ സമിതികളിൽ (ശൂറാ) സ്ത്രീകളെ കാണുന്നില്ലല്ലോ എന്ന് ചിലർ വാദിക്കാറുണ്ട്. ഇതുപക്ഷേ സ്ത്രീകൾക്ക് പ്രവേശനം നിഷേധിക്കുന്നതിന് ഇസ്ലാമികമായ തെളിവാകുന്നില്ല. കാലദേശങ്ങൾ മാറുമ്പോൾ മതവിധി(ഫത്വ)യും മാറണം എന്ന ഇനത്തിൽ ഉൾപ്പെടുത്തിയാണ് ഈ വിഷയം ചർച്ച ചെയ്യേണ്ടത്. പുരുഷന്മാർക്കാവട്ടെ, സ്ത്രീകൾക്കാവട്ടെ വ്യവസ്ഥാപിതമായ രീതിയിൽ ശൂറാ സംവിധാനം മുൻകാലങ്ങളിൽ ഉണ്ടായിരുന്നില്ല.

ശൂറാ പോലുള്ള സംവിധാനങ്ങളുടെ പ്രധാന ദൗത്യങ്ങളിലൊന്ന് നിയമനിർമാണമാണ്. ഭരണത്തേക്കാളും പൊതുനേതൃത്വത്തേക്കാളും ഗൗരവതരമാണ് ഇതെന്ന് ചില കടുംപിടുത്തക്കാർഅത്യുക്തി കലർത്തി പറയാറുണ്ട്. രാഷ്ട്രത്തിന് വേണ്ടിയാണല്ലോ നിയമമുണ്ടാക്കുന്നത്. സംഗതി വളരെ അപകടം പിടിച്ചതായതിനാൽ സ്ത്രീകളെ അങ്ങോട്ട് അടുപ്പിക്കാൻ പാടില്ല! ഈ വാദം വളരെ ദുർബലമാണ്.

ഇവിടെ നിയമനിർമാണമല്ല നടക്കുന്നത്. യഥാർഥ നിയമദാതാവ് അല്ലാഹുവാണ്. ഏതൊരു കാര്യവും വിലക്കാനും അനുവദിക്കാനും അവനേ അവകാശമുള്ളൂ. മറ്റൊരു വാക്കിൽ പറഞ്ഞാൽ ഗവേഷണം, നിയമനിർധാരണം, വിശകലനം, പുതിയ കാലത്ത് എങ്ങനെ പ്രയോഗവത്കരിക്കാം തുടങ്ങിയ ചർച്ചകളാണ് ശൂറ പോലുള്ള വേദികളിൽ ഉണ്ടാവുക. ഗവേഷണം (ഇജ്തിഹാദ്) എന്നത് പുരുഷനെപ്പോലെ സ്ത്രീക്ക് വേണ്ടിയും തുറന്നിട്ട വാതിലാണ്. പുരുഷനായിരിക്കുക എന്നത്

ഹസൻ തുറാബി



**ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങളിൽ സ്ത്രീവിമോചനാശയങ്ങൾ ഏറ്റവും ശക്തമായി പ്രകടിപ്പിക്കുകയും സ്ത്രീപങ്കാളിത്തത്തിന് വീറോടെ വാദിക്കുകയും ചെയ്യുന്നത് സുഡാനിൽ ഡോ. ഹസൻ തുറാബി നേതൃത്വം നൽകുന്ന പ്രസ്ഥാനമാണ്. സെക്യുലരിസ്റ്റ് വനിതകളെ മറികടന്ന് അവിടെ ആദ്യം പാർലമെന്റിൽ എത്തിയത് ഒരു ഇസ്‌ലാമിസ്റ്റ് പ്രബോധകയാണ്-സുആദ് അൽഫാതിഹ്.**



സുആദ് അൽഫാതിഹ്

ഗവേഷണം നടത്താനുള്ള ഉപാധിയാണെന്നോ സ്ത്രീകൾക്ക് ഇജ്തിഹാദ് പാടില്ലെന്നോ ഇന്നേവരെ ഒരു ഇസ്‌ലാമിക നിയമവിശാരദനും പറഞ്ഞിട്ടില്ല. സ്ത്രീയുമായോ കുടുംബവുമായോ ബന്ധപ്പെട്ട നിയമ ചർച്ചകളാണെങ്കിൽ അക്കാര്യത്തിൽ അവളുടെ അഭിപ്രായമെന്ത് എന്ന് ആരായൽ ചിലപ്പോൾ അനിവാര്യമായെന്നും വരും. ചില സന്ദർഭങ്ങളിൽ, പുരുഷനേക്കാൾ ഉൾക്കാഴ്ചയുള്ള അഭിപ്രായങ്ങൾ രേഖപ്പെടുത്തുക സ്ത്രീയായിരിക്കും.

മുസ്‌ലിം ലോകത്ത് ഇസ്‌ലാമികാശയങ്ങൾ കൈവെടിഞ്ഞ് ലിബറൽ ചിന്താഗതികളുമായി നടക്കുന്ന വനിതകളെ നേരിടാൻ സദ്‌വൃത്തരായ മുസ്‌ലിം സ്ത്രീകൾ തെരഞ്ഞെടുപ്പ് ഗോദയിൽ ഇറങ്ങണമെന്ന് ഡോ. യൂസുഫുൽ ഖറദാവി തന്റെ ഒരു ഫത്‌വയിൽ പറയുന്നുണ്ട്. ഓരോ സ്ത്രീക്കും പൊതു പ്രവർത്തനം നടത്താൻ സ്വാതന്ത്ര്യമുണ്ട് എന്ന വ്യക്തിഗതമായ വശമല്ല ഇവിടെ കൂടുതൽ പരിഗണനീയം; മറിച്ച് സാമൂഹികവും രാഷ്ട്രീയവുമായ ഒരാവശ്യം പൂർത്തീകരിക്കുക എന്ന വശമാണ്[2]. എന്നാൽ മൗലാനാ അബുൽ അഅ്‌ലാ മൗദൂദി പാകിസ്താന് വേണ്ടി തയാറാക്കിയ ഇസ്‌ലാമിക ഭരണഘടനയിൽ, ശൂറ/ജനപ്രതിനിധി സഭയിലെ അംഗത്വത്തിന് പുരുഷനായിരിക്കുക എന്നത് ഉപാധിയായി എഴുതിച്ചേർത്തിട്ടുണ്ട്. രാഷ്ട്ര നായകത്വത്തിന് വേണ്ടി സ്ത്രീ മത്സരിക്കുന്ന കാര്യം പിന്നെ പറയാനുമില്ലല്ലോ. 'പുരുഷന്മാർ സ്ത്രീകളുടെ നാഥന്മാരാണ്' എന്ന ഖുർആനിക വചനവും 'തങ്ങളുടെ കാര്യം സ്ത്രീയെ ഏല്പിച്ച ഒരു സമൂഹവും വിജയിക്കുകയില്ല' എന്ന പ്രവാചക വചനവുമാണ് അദ്ദേഹം തെളിവായി ഉദ്ധരിക്കുന്നത്. രാഷ്ട്രനായകത്വമോ മന്ത്രിപദവിയോ പ്രതിനിധിസഭയിലെ അംഗത്വമോ മറ്റു ഗവൺമെന്റ് പദവികളോ സ്ത്രീകൾക്ക് നൽകരുത് എന്നതിന് ഈ രണ്ട് വാക്യങ്ങളും ഖണ്ഡിതമായ തെളിവാണെന്നാണ് അദ്ദേഹത്തിന്റെ വാദം. രാഷ്ട്രീയവും ഭരണവും സ്ത്രീയുടെ പ്രവർത്തന വൃത്തത്തിന് പുറത്താണ്.[3] ഇതേ അഭിപ്രായം തന്നെ അൽ അസ്ഹർ യൂനിവേഴ്സിറ്റിയിലെ ഫത്‌വാ സമിതിയും കുവൈത്തിലുള്ള മറ്റൊരു സമിതിയും പ്രകടിപ്പിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പിൽ സ്ത്രീ പങ്കാളിയാവാനേ പാടില്ല എന്ന് കുവൈത്തിലെ ഫത്‌വാ സമിതി വിലക്കുന്നു.[4]

ജനപ്രതിനിധിസഭയിലും ഉയർന്ന ഭരണകൂട തസ്തികകളിലുമുള്ള സ്ത്രീ അംഗ

ത്വത്തെക്കുറിച്ച് മൗലാനാ മൗദൂദി പ്രകടിപ്പിച്ച അഭിപ്രായത്തെ നമുക്ക് ചോദ്യം ചെയ്യാതെ നിവൃത്തിയില്ല. സ്ത്രീകൾക്ക് അവരുടെ യോഗ്യതകൾക്കനുസരിച്ച് സർവ മേഖലകളിലും പങ്കാളിത്തം അനുവദിക്കുകയാണ് സമുദായ നവോത്ഥാനത്തിനും സ്ത്രീ ശാക്തീകരണത്തിനും അനിവാര്യമായി വേണ്ടത് എന്ന് നാം കരുതുന്നതിനാൽ, ഇത്തരം മാർഗതടസ്സങ്ങൾ നീക്കേണ്ടതുണ്ട്.

നേരത്തെ ഉദ്ധരിച്ച ഖുർആൻ വാക്യവും നബിവചനവും പൊതുജീവിതത്തിൽനിന്ന് സ്ത്രീയെ അകറ്റിനിർത്തുന്നതിന് തെളിവുകളായി കൊണ്ടുവരപ്പെട്ടപ്പോൾ, ഇതു സംബന്ധമായി പൂർവകാല പണ്ഡിതന്മാർ എന്തു പറഞ്ഞിരിക്കും എന്ന ആകാംക്ഷ എന്നിൽ ഉണർന്നു. ഞാൻ കിട്ടാവുന്നേടത്തോളം ഇസ്‌ലാമിക പൈതൃക കൃതികൾ പരിശോധിച്ചു; പ്രത്യേകിച്ച് അവയിൽ രാഷ്ട്രമീമാംസ കൈകാര്യം ചെയ്യുന്നവ. ഭരണനേതൃത്വം (ഇമാമത്ത്) എന്ന തലക്കെട്ടിൽ മാത്രമാണ് ഈ വിഷയം ചർച്ചചെയ്തിട്ടുള്ളത് എന്ന കാര്യം എന്നെ അത്ഭുതപ്പെടുത്തി. രാഷ്ട്ര ഭരണത്തിന്റെ നേതൃത്വം സ്ത്രീക്ക് ആകരുത് എന്ന കാര്യത്തിൽ പൂർവ പണ്ഡിതന്മാർക്കിടയിൽ ഏറക്കുറെ അഭിപ്രായ സമന്വയം (ഇജ്മാഅ്) ഉള്ളതായും എനിക്ക് കാണാൻ കഴിഞ്ഞു. അവർക്ക് തെളിവ് മേൽപറയപ്പെട്ട ഹദീസാണ്. അതേസമയം നീതിന്യായ പദവികൾ അവർക്കാകാം എന്ന അഭിപ്രായമാണ് ധാരാളം പണ്ഡിതന്മാർക്ക്. അബൂയഅ്ലൽ ഫർറാഅ് ഇത്ര വരെ പറഞ്ഞുവെച്ചു: "ജഡ്ജിയാകാൻ എന്തൊക്കെ ഗുണങ്ങൾ ഒത്തുവരണമോ അതൊക്കെ നേതാവിലും (ഇമാം) ഒത്തുവരൽ ഉപാധിയാണ്. സ്വാതന്ത്ര്യമുണ്ടാവുക, പ്രായപൂർത്തിയെത്തുക, ബുദ്ധിസ്ഥിരതയുണ്ടാവുക, അറിവും നീതിബോധവുമുണ്ടായിരിക്കുക എന്നിവയാണ് ആ ഗുണങ്ങൾ."[5]

ഇസ്‌ലാമിക ചരിത്രത്തിലെ ശബീബിയ്യ പോലുള്ള ഖവാരിജ് വിഭാഗങ്ങൾ, പ്രജകളുടെ കാര്യങ്ങൾ നോക്കിനടത്താനും അവരുടെ ശത്രുക്കൾക്കെതിരെ പൊരുതാനും പ്രാപ്തിയുണ്ടെങ്കിൽ സ്ത്രീക്ക് ഭരണാധികാരിയാവാം എന്ന പക്ഷക്കാരാണ്. ശബീബിന്റെ മരണശേഷം ഗസാല ഉമ്മു ശബീബ് ഭരണാധികാരിയായിരുന്ന കാര്യം അവർ ചൂണ്ടിക്കാട്ടുന്നു.[6] ഹസ്രത്ത് ആഇശ(റ) ഒരു സായുധ പ്രതിപക്ഷത്തെ ഉയർത്തിക്കൊണ്ടുവരിക വഴി രാഷ്ട്രീയത്തിൽ തനിക്കും കാര്യമുണ്ടെന്ന് വ്യക്തമാക്കി. സ്വർഗം വാഗ്ദാനം ചെയ്യപ്പെട്ട സ്വഹാബികൾ ഉൾപ്പെടെ മുവായിരം സൈനികരുണ്ടായിരുന്നു ഈ പ്രതിപക്ഷ നിരയിൽ. അബൂബക്റ പറഞ്ഞതു പോലെ, 'ആഇശ(റ) കൽപിക്കുകയും വിലക്കുകയും ചെയ്തിരുന്നു. കാര്യങ്ങൾ അവരുടെ നിയന്ത്രണത്തിലായിരുന്നു' [7]. അവരാണ് നേതൃസ്ഥാനത്ത് ഉണ്ടായിരുന്നത്; അവരാണ് പ്രസംഗിക്കുകയും ചർച്ച നടത്തുകയും നമസ്കാരത്തിന് ഇമാമിനെ നിശ്ചയിക്കുകയും ചെയ്തിരുന്നത്.[8] രാഷ്ട്രീയത്തിൽ കീർത്തി നേടിയ വേറെയും വനിതാ രത്നങ്ങളുണ്ട് ഇസ്‌ലാമിക ചരിത്രത്തിൽ. ഹി. ആറാം നൂറ്റാണ്ടിൽ യമൻ മേഖലയിൽ നാൽപതിലധികം വർഷം ഭരണം നത്തിയിട്ടുണ്ട് അൽഹുർറ സ്വലീഹിയ്യ എന്ന വനിത.

ഭരണാധികാരത്തിന്റെ ഏറ്റവും ഉയർന്ന പദവി സ്ത്രീക്ക് നൽകാം എന്ന് വാദിക്കുന്നവരുടെ ന്യായം ഇതാണ്: സ്ത്രീ-പുരുഷ സമത്വമാണ് ഇസ്‌ലാം ഊന്നിപ്പറയുന്നത്. സമഭാവനയെന്ന ഈ പൊതുതത്ത്വത്തെ നിഷേധിക്കുന്ന ഒരടിസ്ഥാനമായി വികസിപ്പിക്കാവുന്നതല്ല നാം നേരത്തെ ഉദ്ധരിച്ച പ്രവാചക വചനം. ഒരു പ്രത്യേക സന്ദർഭത്തിലാണ് നബി അത് പറഞ്ഞിട്ടുള്ളത്. പേർഷ്യയിലെ കിസ്റാ രാജാവ് മരണപ്പെടുകയും അവിടത്തുകാർ ഭരണാധികാരിയായി അദ്ദേഹത്തിന്റെ പുത്രിയെ നിശ്ചയിക്കുകയും ചെയ്ത വിവരം കിട്ടിയപ്പോഴാണ് നബി അങ്ങനെ പറഞ്ഞത്. താൻ പേർഷ്യയിലേക്ക് പറഞ്ഞയച്ച തന്റെ ദൂതനെ അവിടത്തുകാർ കൊലപ്പെടുത്തിയതി

ലുള്ള രോഷമാണ് ഈ വാക്കുകളിൽ കാണാനാവുക... അതിനാൽ ഈ സംഭവത്തിനപ്പുറം ഒരു സാമാന്യവത്കരണത്തിന് യോജിച്ചതല്ല ഈ ഹദീസ്. അതിനെ ഭരണഘടനാ നിയമാവലിയിൽ അടിസ്ഥാനമായി സ്വീകരിക്കാവുന്നതുമല്ല. ഒരു പ്രത്യേക സംഭവത്തെക്കുറിച്ച് വന്നതാണെങ്കിലും, വാക്യഘടന പൊതുസ്വഭാവമുള്ളതാണെങ്കിൽ അതിനെ പൊതുതത്ത്വമായി സ്വീകരിക്കണം എന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ ഏകാഭിപ്രായമൊന്നുമില്ല. വാക്യഘടന പൊതുസ്വഭാവമുള്ളതാണെങ്കിലും അത് പൊതുതത്ത്വമാവണമെന്നില്ല എന്നർഥം. അതിനാൽ ഈ നബിവചനത്തെ ഒരു ഖണ്ഡിത തെളിവായി സ്വീകരിക്കാനാവില്ല. മാത്രമല്ല, ഈ ഹദീസിന്റെ നിവേദക പരമ്പരയിൽ സംശയാസ്പദമായ ചില കണ്ണികളുമുണ്ട്.[9]

ഇനി നേരത്തെ പരാമർശിച്ച ഖുർആൻ സൂക്തത്തിന്റെ കാര്യം. മൗലാനാ മൗദൂദിക്ക് മുമ്പുള്ള രാഷ്ട്രമീമാംസാ പണ്ഡിതന്മാരൊന്നും തന്നെ, സ്ത്രീ പൊതുഭരണം കൈയാളാൻ പാടില്ല എന്നതിന് തെളിവായി പ്രസ്തുത സൂക്തത്തെ ഉദ്ധരിച്ച് കാണുന്നില്ല. പിന്നെ എങ്ങനെയത് രാഷ്ട്രീയ പങ്കാളിത്തം വരെ തടയുന്നതിന് തെളിവാകും? സൂക്തത്തിലെ 'ഖവ്വാമ' എന്ന പ്രയോഗത്തിന് നേതൃത്വം എന്ന പൊതുവായ അർഥമാണ് കൽപിക്കുന്നതെങ്കിൽ ശിശുസംരക്ഷണം, വൈദ്യം, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ തുടങ്ങി ഒന്നിന്റെയും നേതൃത്വം സ്ത്രീക്ക് പാടില്ലെന്ന് വരും. ഇങ്ങനെയൊരു അർഥകൽപന മുൻകാല ഖുർആൻ വ്യാഖ്യാതാക്കളോ ഹദീസ് പണ്ഡിതന്മാരോ ആരും തന്നെ നടത്തിയിട്ടില്ല. നമ്മുടെ കാലത്തെ ഏറ്റവും പ്രശസ്തനായ ഖുർആൻ വ്യാഖ്യാതാവ് വരെ, ഖുർആൻ വ്യാഖ്യാനത്തിൽ അദ്ദേഹത്തിന്റെ സലഫി ചായ്വും പാശ്ചാത്യ വിരുദ്ധതയും പ്രകടമാണെങ്കിൽ പോലും, പറയുന്നത് ഇങ്ങനെയാണ്: "പൊതുജീവിതത്തിന്റെ സമസ്ത മേഖലകളിലും സ്ത്രീക്കു മേൽ പുരുഷന്റെ നേതൃത്വമാണ് വേണ്ടത് എന്ന നിലക്കായിരുന്നു ഈ ഖുർആൻ സൂക്തത്തെ താൻ മനസ്സിലാക്കിയിരുന്നത്. ദീർഘനേരം ആലോചിച്ചപ്പോൾ ആ അഭിപ്രായം തിരുത്തേണ്ടിവന്നു. ഈ സൂക്തത്തിന്റെ സന്ദർഭം പരിശോധിക്കുക. ദാമ്പത്യ ഭിന്നതകൾ പരാമർശിക്കവെയാണ് അത് വന്നിട്ടുള്ളത്. അതിനാൽ ആ സൂക്തത്തിൽ പരാമർശിച്ച നേതൃത്വം (ഖവ്വാമ) കുടുംബവൃത്തത്തിന് പുറത്തേക്ക് നീട്ടാൻ പറ്റുകയില്ല."[10]

നീതിന്യായമാണെങ്കിലും രാഷ്ട്ര ഭരണമാണെങ്കിലും പൊതുഭരണത്തിൽനിന്ന് സ്ത്രീയെ തടയുന്ന ഖണ്ഡിതമായ തെളിവുകളൊന്നും ഇസ്ലാമിൽ ഇല്ല എന്ന് നാം കണ്ടു; രാഷ്ട്രത്തിന്റെ ഭരണാധികാരി അവളാകാൻ പാടില്ല എന്നതാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായമെങ്കിലും. പൊതുജീവിതത്തിന്റെ സർവ തുറകളിലുമുള്ള പങ്കാളിത്തം അവൾക്ക് നിഷേധിക്കുന്ന കൂട്ടർക്ക് പിന്നെ എന്ത് തെളിവാണ് ഹാജരാക്കാനുള്ളത്?[11] അവർ അന്ധമായി മുൻഗാമികളെ പിന്തുടരുക (തഖ്ലീദ്) മാത്രമാണ്. എങ്കിൽ ഇസ്ലാമിന്റെ സുവർണയുഗത്തിൽ ജീവിച്ച മഹാന്മാരെ ഇവർ തഖ്ലീദ് ചെയ്തെങ്കിൽ എന്ന് ആശിച്ചുപോകുന്നു. അത് സ്വതന്ത്ര ചിന്തയുടെയും സമുദായത്തിന്റെ കുതിച്ചുചാട്ടത്തിന്റെയും യുഗമായിരുന്നു. ഈ സ്ത്രീവിരുദ്ധ വീക്ഷണക്കാർ ശരിയായ വഴിയിൽ ചെന്നെത്തിയിരുന്നുവെങ്കിൽ ഖുർആൻ വ്യാഖ്യാതാക്കളുടെ ഗുരു ഇബ്നു ജരീർ ത്വബ്രിയെയും ഇമാം അബൂഹനീഫയെയും മുസ്ലിം സ്പെയിനിലെ വിപ്ലവകാരിയായ ഫഖീഹ് ഇബ്നു ഹസമിനെയും അവർക്ക് വായിക്കാൻ കഴിഞ്ഞേനെ. ഈ മഹാപണ്ഡിതന്മാർ കേവല രാഷ്ട്രീയ പങ്കാളിത്തമോ പാർട്ടി അംഗത്വമോ മന്ത്രി-സെക്രട്ടറി പണികളോ മാത്രമല്ല സ്ത്രീകൾക്ക് അനുവദിച്ചത്. രാഷ്ട്രഭരണത്തിന്റെ അടിസ്ഥാനങ്ങളിലൊന്നായ നീതിന്യായം (ഖദാഅ്) സ്ത്രീകളെ ഏൽപിക്കാമെന്ന് അവർ പ്രഖ്യാപിച്ചു. നമ്മുടെ സ്ത്രീവിരുദ്ധ പക്ഷക്കാർ തഖ്ലീദ്

ചെയ്തത് അധഃപതനത്തിന്റെയും ജീർണതയുടെയും ഘട്ടത്തിൽ ജീവിച്ച മുൻഗാമികളെയായിരുന്നു എന്നർഥം. ഇതൊക്കെ എന്തിനു പറയുന്നു, അവർക്ക് പ്രവാചകന്റെയും സച്ചരിതരായ ഖലീഫമാരുടെയും കാലഘട്ടങ്ങൾ പഠിച്ചാൽ മതിയായിരുന്നല്ലോ. എങ്കിൽ അനിവാര്യഘട്ടങ്ങളിൽ വാളും ഊരിപ്പിടിച്ച് വരുന്ന, പ്രശ്നസങ്കീർണമായ സന്ദർഭങ്ങളിൽ സുചിന്തിതമായ അഭിപ്രായങ്ങൾ പറയുന്ന സ്ത്രീയെ അവർക്ക് കണ്ടെത്താമായിരുന്നു. നോക്കൂ, പ്രവാചക പത്നി ഉമ്മുസലമയുടെ ഇടപെടൽ. ഹുദൈബിയ സന്ധിയുടെ സന്ദർഭം. സ്വന്തം അനുയായികൾ പ്രവാചകനെ ശുണ്ഠി പിടിപ്പിക്കുകയാണ്. പ്രവാചകൻ കൽപിക്കുന്നതൊന്നും അവർ അനുസരിക്കുന്നില്ല. വളരെ ദുഃഖിതനായി അവിടുന്ന് ഉമ്മുസലമയുടെ അടുത്ത് വരുന്നു. നേതാവും അനുയായികളും തമ്മിലുള്ള ബന്ധത്തിൽ വിള്ളൽ വീഴ്ത്തിയ ഈ അതിസങ്കീർണമായ സാഹചര്യത്തെ മറികടക്കാൻ ഉമ്മുസലമ ഒരു പോംവഴി നിർദേശിക്കുന്നു. ഇത് രാഷ്ട്രീയ കാര്യമല്ലേ, സ്ത്രീക്ക് ഇവിടെ എന്തു കാര്യം എന്ന് അപ്പോൾ ആരും ചോദിച്ചില്ലല്ലോ. ഇനി മറ്റൊരു സന്ദർഭം. മരണാസന്നനായ ഉമറുബ്നുൽ ഖത്ത്വാബിന്റെ വസ്വിയ്യത്ത് പ്രകാരം അബ്ദുർറഹ്മാനുബ്നു ഔഫ് ആറ് പേരുടെ ഒരു പട്ടികയുണ്ടാക്കുന്നു. ഇതിൽ നിന്നൊരാളാണ് അടുത്ത ഖലീഫയാവുക. ഇബ്നു ഔഫ് മദീനയിലുള്ള മുഴുവനാളുകളുടെയും അഭിപ്രായം ആരായുന്നു. ഏറ്റവും മികച്ച പിൻഗാമിയെക്കുറിച്ച് അഭിപ്രായമാരാഞ്ഞ് അദ്ദേഹം സ്ത്രീകൾ പാർക്കുന്ന കൂടാരങ്ങളിൽ വരെ കയറിച്ചെന്നില്ലേ? ഖുർആനിലെ ഖവ്വാമ ആയത്തും ഖിസ്റയുടെ മകളെക്കുറിച്ച ഹദീസും അദ്ദേഹം കാണാതെ പോയതായിരിക്കില്ലല്ലോ. പുതിയ ഭരണാധികാരിയുടെ തെരഞ്ഞെടുപ്പ് സ്ത്രീയെയും പുരുഷനെയും തുല്യ അളവിലാണ് ബാധിക്കുകയെന്നും, പുരുഷനെപ്പോലെ സ്വതന്ത്ര ബാധ്യതയേൽപിക്കപ്പെട്ടവളാണ് സ്ത്രീയെന്നും മനസ്സിലാക്കിയായിരിക്കില്ലേ ഇബനു ഔഫ് ഈ മർമപ്രധാന വിഷയത്തിൽ അവരുടെ അഭിപ്രായം ആരാഞ്ഞത്?

ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ സമകാലിക രാഷ്ട്രമീമാംസാ പണ്ഡിതന്മാർ, മൗലാനാ മൗദൂദിയെപ്പോലെ തൊട്ടുമുമ്പുള്ള തലമുറയുടെ പൈതൃകത്തെ പ്രതിരോധിക്കുന്നതായി നാം കാണുന്നില്ല. അവരെല്ലാം സ്ത്രീപുരുഷ സമത്വം എന്ന അടിസ്ഥാനത്തെ ഉയർത്തിക്കാട്ടുകയാണ് ചെയ്യുന്നത്. ജൈവപ്രകൃതിയും സാഹചര്യങ്ങളും കണക്കിലെടുത്ത് സ്ത്രീപുരുഷന്മാർ തമ്മിൽ ചില ചുമതലാ വ്യത്യാസങ്ങൾ ഉണ്ട് എന്നേയുള്ളൂ. അൽ അസ്ഹർ റെക്ടറായിരുന്ന അബ്ദുല്ലാ ദർറാസിന്റെ വരികൾ കാണുക:

"രാഷ്ട്രത്തിലും സമൂഹത്തിലും തത്തുല്യ സ്ത്രീപുരുഷ പങ്കാളിത്തമാണ് ഖുർആൻ മുന്നോട്ടുവെക്കുന്നത്. സ്ത്രീയുടെ ലിംഗപരമായ പ്രത്യേകതകൾ കാരണം വളരെക്കുറിച്ച് കാര്യങ്ങൾ മാത്രമാണ് ഇതിൽനിന്ന് ഒഴിച്ചുനിർത്താവുന്നത്. വിവിധ രാഷ്ട്രീയ സാമൂഹിക തുറകളിൽ അവൾ കർമോത്സുകയാവണമെന്നും അതവളുടെ അവകാശമാണെന്നും ഖുർആൻ ഉണർത്തുന്നു. ജനങ്ങളെ പ്രതിനിധീകരിക്കുന്ന പാർലമെന്റും രാഷ്ട്രഭരണത്തെ നിയന്ത്രിക്കുന്ന നിയമാവിഷ്കാര വേദികളുമെല്ലാം അതിൽ പെടും... മുസ്ലിം സ്ത്രീ വിവരമില്ലാത്തവളാണ്, പൊതുകാര്യങ്ങളെക്കുറിച്ച് പിടിപാടില്ലാത്തവളാണ്, അവൾ വീടും കുട്ടികളുമായി കഴിഞ്ഞുകൂടിയാൽ മതി എന്നെല്ലാം ചിലർ പറയാറുണ്ട്. അറബ് മുസ്ലിം നാടുകളിലെ ബഹുഭൂരിപക്ഷം ജനതയും വിവരമില്ലാത്തവരും പൊതു പ്രശ്നങ്ങളിൽ പിടിപാടില്ലാത്തവരുമല്ലേ? അതിന്റെ പേരിൽ അവർക്ക് സാമൂഹിക, രാഷ്ട്രീയ അവകാശങ്ങൾ നിഷേധിക്കണ

**സ്ത്രീ ഉദ്ബുദ്ധയായെങ്കിലേ നല്ലൊരു തലമുറയെ വാർത്തെടുക്കാൻ അവൾക്ക് കഴിയൂ. സ്ത്രീനേതൃത്വം ആവശ്യമായ എത്രയെത്ര മേഖലകളുണ്ട് ഇന്ന്. ആഇശ, ഖദീജ, ഉമ്മുസലമ, ഫാത്വിമ, അസ്മാഅ്, ഉമ്മു അമ്മാറ, സൈനബുൽ ഗസ്സാലി, സുആദു അൽഫാതിഹ് തുടങ്ങിയവർ നൽകിയതുപോലുള്ള നേതൃത്വം. നമ്മുടെ പെൺകുട്ടികൾ എവിടെ?**



മെന്ന് ആരെങ്കിലും പറഞ്ഞിട്ടുണ്ടോ? എല്ലാ സ്ത്രീകളും തെരഞ്ഞെടുപ്പിൽ മത്സരിക്കണമെന്നോ രാഷ്ട്രീയ സാമൂഹിക കാര്യങ്ങളിൽ ഇടപെടണമെന്നോ നാം പറയുന്നില്ല. അർഹതയും യോഗ്യതയുമുള്ള സ്ത്രീക്ക് അതിനുള്ള അവസരം ഉണ്ടാകണം എന്നേ പറയുന്നുള്ളൂ; പുരുഷന്മാരെപ്പോലെ തന്നെ. മാതൃത്വത്തിന്റെ ചുമതലകൾ നിർവഹിക്കാതെ സ്ത്രീ വീട് വിട്ടിറങ്ങണം എന്നൊന്നും ഇപ്പറഞ്ഞതിന് അർഥവുമില്ല"[12]

കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകളിലെ മുസ്‌ലിം ജീവിതം പരിശോധിച്ചാൽ അത് ഗ്രാമത്തെ കേന്ദ്രീകരിച്ചായിരുന്നു എന്ന് കാണാം. ഈ ഗ്രാമീണ ജീവിതത്തിൽ സ്ത്രീക്ക് രാഷ്ട്രഭരണത്തിൽ കാര്യമായ ഒരു പങ്കും ഉണ്ടായിരുന്നില്ല. അന്നത്തെ സാമൂഹിക സാഹചര്യങ്ങൾ കൊണ്ട് അങ്ങനെ സംഭവിച്ചു എന്നേ ഇതിനെക്കുറിച്ച് പറയാനാവൂ. ഇതൊന്നും ഖുർആനിക നിർദേശപ്രകാരം സംഭവിച്ച കാര്യങ്ങളല്ല. ഖുർആനിക നിർദേശങ്ങൾ എല്ലാ കാലത്തേക്കും എല്ലാ ചുറ്റുപാടിലേക്കുമുള്ളതാണ്. സമൂഹത്തെ മാറ്റിപ്പണിയുന്നതിനും ഇസ്‌ലാമിക സംസ്കാരത്തെ കരുപ്പിടിപ്പിക്കുന്നതിനും പ്രവാചകന്റെ മക്കീ-മദനീ ഘട്ടങ്ങളിലും സച്ചരിതരായ പിൻഗാമികളുടെ റാശിദീ യുഗത്തിലും തുടർന്നുള്ള ഇസ്‌ലാമിന്റെ പുഷ്കല യുഗങ്ങളിലും സ്ത്രീ വഹിച്ച പങ്ക് അനിഷേധ്യവും മഹത്തരവുമാണ്.

ഭരണാധികാരിയെ തെരഞ്ഞെടുക്കുമ്പോഴും യുദ്ധം പോലുള്ള വിധിനിർണായക സന്ദർഭങ്ങളിലും അവളുടെ സാന്നിധ്യമുണ്ടായിരുന്നു. ഉമറുബ്നുൽ ഖത്ത്വാബ്, ശിഫാഅ് എന്ന വനിതയെ ഒരു തെരുവിന്റെ നിയന്ത്രണം ഏൽപിച്ച സംഭവം ഉദ്ധരിച്ചുകൊണ്ട് ഇബ്നു ഹസം അഭിപ്രായപ്പെടുന്നത്, ഭരണാധികാരവും അവളെ ഏൽപിക്കാം എന്നാണ്. തഖ്‌യുദ്ദീൻ നബഹാനി പറയുന്നത്, പൗരത്വമുള്ള ആർക്കും -സ്ത്രീയാവട്ടെ പുരുഷനാവട്ടെ- പ്രായപൂർത്തിയെത്തുകയും ബുദ്ധി സ്ഥിരതയുണ്ടാവുകയും ചെയ്താൽ കൂടിയാലോചനാ സമിതി(ശൂറാ)യിൽ അംഗമാകാം എന്നാണ്.[13]

ഇസ്‌ലാമിക് റിപ്പബ്ലിക് ഓഫ് ഇറാന്റെ ഭരണഘടന, 'നന്മ കൽപിക്കുന്നതിലും

തിന്മ വിരോധിക്കുന്നതിലും സത്യവിശ്വാസികളും വിശ്വാസിനികളും പരസ്പരം സഹായികളാണ്' എന്ന ഖുർആനിക സൂക്തത്തെ മുൻനിർത്തി ഉയർന്ന സ്ഥാനമാണ് സ്ത്രീക്ക് നൽകിയിരിക്കുന്നത്. നമ്മുടെ കാലത്തെ വലിയ വിപ്ലവങ്ങളിലൊന്നിന്റെ സംഘാടനത്തിൽ ഇറാനിയൻ വനിതകൾ വഹിച്ച പങ്കിനുള്ള അർഹമായ അംഗീകാരമാണിത്. ഇറാൻ ഇസ്‌ലാമിക് റിപ്പബ്ലിക് ഭരണഘടനയുടെ 21-ാം ഖണ്ഡികയിൽ ഇങ്ങനെ പറയുന്നു: "ഇസ്‌ലാമിക മൂല്യങ്ങൾ മുമ്പിൽവെച്ച് സകല തുറകളിലും സ്ത്രീക്ക് അവളുടെ അവകാശങ്ങൾ നൽകാൻ ഭരണകൂടം പ്രതിജ്ഞാബദ്ധമായിരിക്കും."

ഇറാനിയൻ മജ്‌ലിസ് ശൂറായിൽ സ്ത്രീകൾക്ക് പ്രാതിനിധ്യമുണ്ട്. അർപ്പണബോധമുള്ള, രക്തസാക്ഷ്യത്തിന് തയാറുള്ള കരുത്തുറ്റ തലമുറകളെ വാർത്തെടുക്കുന്നതിനുള്ള പ്രാപ്തി അവിടത്തെ സ്ത്രീസമൂഹം ആർജിച്ചെടുക്കുകയും ചെയ്തു. എന്നാൽ പാകിസ്താനിലെ ഇസ്‌ലാമിക പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമി, അതിന്റെ ചിന്താപരമായ കരുത്തും അനന്യതയും നിലനിർത്തുന്നുണ്ടെങ്കിലും ഇതുപോലെ ജനകീയമായ ഒരു സാമൂഹിക കാഴ്ചപ്പാട് വികസിപ്പിക്കുന്നതിൽ വിജയിച്ചിട്ടില്ല. സ്ത്രീയെക്കുറിച്ചുള്ള പ്രസ്ഥാനത്തിന്റെ വീക്ഷണം യാഥാസ്ഥിതികമായി തുടരുന്നു. നേതൃത്വം ജനങ്ങളിൽ നിന്ന് ഒറ്റപ്പെട്ടുനിൽക്കുന്നതുപോലെ അനുഭവപ്പെടുന്നു. സമകാലിക ലോകത്തെ ഏറ്റവും വലിയ ഇസ്‌ലാമിക പ്രസ്ഥാനമായ ഇഖ്‌വാനുൽ മുസ്‌ലിമൂനാകട്ടെ, ഒറ്റപ്പെട്ടുനിൽക്കാതെ ഒരു ജനകീയ പരിഷ്കരണ മുന്നേറ്റത്തിന് കളമൊരുക്കുന്നതായാണ് കാണുന്നത്. സ്ത്രീകൾ എന്നും പ്രസ്ഥാനത്തിൽ സമുന്നത സ്ഥാനം അലങ്കരിച്ചിരുന്നു. കരുത്തുറ്റ വനിതാ വിംഗിനെ വാർത്തെടുക്കാനും ഇഖ്‌വാന് സാധിച്ചു. വനിതാ നേതൃനിരയും ശക്തം. ധീരമുജാഹിദയും പരിശുദ്ധ ഖുർആന് വ്യാഖ്യാനമെഴുതിയ വനിതയുമായ സൈനബുൽ ഗസ്സാലി ഉദാഹരണം. രാഷ്ട്രീയ, സാമൂഹിക രംഗങ്ങളിൽ മതവിരുദ്ധ ആശയങ്ങൾ മേൽക്കൈ നേടുന്നത് തടയാൻ 1996-ൽ ഇഖ്‌വാൻ ചരിത്രപ്രധാനമായ രണ്ട് പ്രഖ്യാപനങ്ങൾ നടത്തി. ഒന്ന്, ജനാധിപത്യത്തെയും ബഹുകക്ഷി സമ്പ്രദായത്തെയും ഒരു പ്രവർത്തന രീതിയായി അംഗീകരിക്കും. രണ്ട്, ജനപ്രാതിനിധ്യ സഭയിൽ സ്ത്രീപങ്കാളിത്തം ഉറപ്പുവരുത്താൻ ശ്രമിക്കും.

ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങളിൽ സ്ത്രീവിമോചനാശയങ്ങൾ ഏറ്റവും ശക്തമായി പ്രകടിപ്പിക്കുകയും സ്ത്രീപങ്കാളിത്തത്തിന് വീറോടെ വാദിക്കുകയും ചെയ്യുന്നത് സുഡാനിൽ ഡോ. ഹസൻ തുറാബി നേതൃത്വം നൽകുന്ന പ്രസ്ഥാനമാണ്. സെക്യുലരിസ്റ്റ് വനിതകളെ മറികടന്ന് അവിടെ ആദ്യം പാർലമെന്റിൽ എത്തിയത് ഒരു ഇസ്‌ലാമിസ്റ്റ് പ്രബോധകയാണ്-സുആദ് അൽഫാതിഹ്.

ഒരുവശത്ത് ഇങ്ങനെ ചില മുന്നേറ്റങ്ങളുണ്ടെങ്കിലും, മൊത്തത്തിൽ മരവിപ്പും ജീർണതയുമാണ് ഇപ്പോഴും കാണാനുള്ളത്. തിന്മയിലേക്കുള്ള വഴി അടക്കാൻ (സദ്ദുദ്ദറാഇഅ്) എന്ന പേരിൽ സകലവിധ സ്ത്രീപങ്കാളിത്തത്തെയും വിലക്കുന്ന പ്രവണതകൾ വ്യാപകമാണ്. യാഥാസ്ഥിതികത്വത്തിന്റെ പിടി അയഞ്ഞിട്ടില്ല. ഏത് പരിഷ്കരണ നീക്കത്തെയും അട്ടിമറിക്കാൻ ഈ യാഥാസ്ഥിതിക കോട്ടക്ക് കരുത്തുണ്ട്.

സമൂഹത്തിന്റെ നേർ പകുതിയായ ഒരു വിഭാഗത്തെ പൊതുജീവിതത്തിൽനിന്ന് അകറ്റിനിർത്താൻ യാതൊരു തെളിവുമില്ലെന്ന് നാം കണ്ടു. അങ്ങനെ ചെയ്യുന്നത് സ്ത്രീയോടെന്നല്ല, ഇസ്‌ലാമിനോടും മുസ്‌ലിംസമൂഹത്തോടും ചെയ്യുന്ന അതിക്രമമായിരിക്കും. കാരണം പൊതുജീവിതത്തിൽ ഇടം അനുവദിച്ചുകൊണ്ടല്ലാതെ സ്ത്രീയെ ഉദ്ബുദ്ധയാക്കാൻ കഴിയില്ല. സ്ത്രീ ഉദ്ബുദ്ധയായെങ്കിലേ നല്ലൊരു തലമുറയെ

വാർത്തെടുക്കാൻ അവൾക്ക് കഴിയൂ. സ്ത്രീനേതൃത്വം ആവശ്യമായ എത്രയെത്ര മേഖലകളുണ്ട് ഇന്ന്. ആഇശ, ഖദീജ, ഉമ്മുസലമ, ഫാത്വിമ, അസ്മാഅ്, ഉമ്മു അമ്മാറ, സൈനബുൽ ഗസ്സാലി, സുആദു അൽഫാതിഹ് തുടങ്ങിയവർ നൽകിയതുപോലുള്ള നേതൃത്വം. നമ്മുടെ പെൺകുട്ടികൾ എവിടെ? ■

**കുറിപ്പുകൾ**

1. രാഷ്ട്രഭരണത്തിന്റെ ഉയർന്ന സ്ഥാനങ്ങളിൽ എത്തിപ്പെടുന്നവരുടെ പട്ടിക പരിശോധിച്ചാൽ അവരിൽ സ്ത്രീകളുടെ എണ്ണം ഏതു രാജ്യത്തും വളരെ പരിമിതമാണെന്ന് നിങ്ങൾക്ക് കാണാം. സ്ത്രീകൾ നാലിലൊന്ന് വരുന്ന സഭകൾ തന്നെ അത്യപൂർവം. ഏതെങ്കിലും മതവുമായി ബന്ധപ്പെട്ട് ഉണ്ടായിത്തീർന്ന പ്രതിഭാസമൊന്നുമല്ല ഇത്. പൊതു സ്ഥാനമാനങ്ങളുടെ വിഭജനത്തിലും വിതരണത്തിലും മനുഷ്യപ്രകൃതിയുടെ സ്വാഭാവിക തേട്ടമെന്ന നിലക്ക് ഇത്തരം സഭകളിൽ പുരുഷൻ അധികമായിപ്പോകുന്നതാണ്. സാമൂഹിക-സുരക്ഷാ സ്ഥാപനങ്ങളിലും മറ്റുമാണ് സ്ത്രീകളെ കൂടുതലായി കാണുന്നത്. ഇത് ഒരു വിഭാഗത്തെ ഉയർത്തിക്കാണിക്കുന്നതിനോ മറ്റൊരു വിഭാഗത്തെ ഇകഴ്ത്തുന്നതിനോ കാരണമായിക്കൂടാത്തതാണ്. സമൂഹത്തിലെ അംഗത്വം സ്ത്രീ, പുരുഷൻ എന്നിങ്ങനെ വിഭജിക്കാവതല്ല. ഒറ്റ അംഗത്വമേയുള്ളൂ. സകല തുറകളും സമൂഹ പുരോഗതിക്ക് ആവശ്യമാണെന്ന ധാരണ ഉറപ്പിക്കപ്പെടുകയും വേണം.

2. *ഫതാവാ മുആസ്വറ* എന്ന കൃതിയിൽനിന്ന്. അബ്ദുൽ ഹലീം അബൂശഖ 'സ്ത്രീവിമോചനം പ്രവാചക കാലഘട്ടത്തിൽ' (2/448) എന്ന തന്റെ പുസ്തകത്തിൽ ഉദ്ധരിച്ചത്.

3. ഇസ്‌ലാമിക ഭരണഘടന (അറബി പതിപ്പ്) പേജ് 65.

4. *ഫതാവാ ഫീ അഹ്കാമിന്നിസാഅ്* എന്ന ലഘുകൃതിയിൽനിന്ന് ഉദ്ധരിച്ചത്. കുവൈത്തിലെ ചില ഗ്രൂപ്പുകൾ ഇപ്പോഴും ഈ അഭിപ്രായത്തിൽ ഉറച്ചുനിൽക്കുന്നു.

5. അബുൽ ഹസൻ അൽമാവർദി: *അൽഅഹ്കാമുസ്സുൽത്വാനിയ്യ വൽ വിലായാത്തുദ്ദീനിയ്യ*.

6. ബഗ്ദാദിയുടെ *അൽമിഹലു വന്നിഹൽ* 75,76.

7. Ibid, ഉദ്ധരണം *ശറഹുന്നഹ്ജ്* 2/81

8. *ശറഹുന്നഹ്ജ്* 2/81

9. ഹദീസ് ഉദ്ധരിച്ച അബൂബക്റ(റ) എന്ന സ്വഹാബിയാണ് നിവേദക പരമ്പരയിലെ സംശയാസ്പദമായ കണ്ണി. മക്കാ വിജയത്തിന് ശേഷം ഇസ്‌ലാം സ്വീകരിച്ച മഹാനായ സ്വഹാബിയാണ് ഇദ്ദേഹമെങ്കിലും അപവാദം പറഞ്ഞുപരത്തിയതിന്റെ പേരിൽ (ഖദ്ഫ്) അദ്ദേഹം ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹം തന്നെ ഇക്കാര്യം സമ്മതിച്ചതുമാണ്. ശിക്ഷക്ക് വിധേയനായ ഒരാൾ പശ്ചാത്തപിച്ച് മടങ്ങിയാൽ തന്നെ അയാളുടെ നിവേദനം സ്വീകരിക്കാമോ എന്ന കാര്യത്തിൽ ഭിന്നാഭിപ്രായമുണ്ട്. ഇമാം ബുഖാരി തന്റെ *സ്വഹീഹിൽ* അദ്ദേഹം വഴിയുള്ള ഹദീസ് ഉദ്ധരിക്കുകയും അദ്ദേഹത്തെ വിശ്വസ്തരിൽ ഒരാളായി എണ്ണുകയുമൊക്കെ ചെയ്തിട്ടുണ്ടെന്നത് ശരിയാണ്. പക്ഷേ, രാഷ്ട്രഭരണം പോലുള്ള ഒരു സുപ്രധാന വിഷയത്തിൽ സംശയാസ്പദമായ ഒരു വചനം, സംശയത്തിന്റെ തോത് എത്ര കുറവാണെങ്കിലും, അടിസ്ഥാനമായി വരാവതല്ല. ഈ ഹദീസിനെ തെളിവായി ഉദ്ധരിച്ച് സ്ത്രീ ഭരണാധികാരിയായിക്കൂടാ എന്ന് വാദിക്കുന്ന പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ വിശകലനം ചെയ്ത് മഹ്മൂദുൽ മുറാദി എന്ന ഗവേഷകൻ പറയുന്നത്, അതിന് ഈ തെളിവ് പോരെന്നാണ് (സ്ത്രീ പൊതുമണ്ഡലത്തിൽ കടക്കാനേ പാടില്ല എന്നതിന് ഈ ഹദീസ് തെളിവായി ഉദ്ധരിക്കുന്നവരുടെ കാര്യം പിന്നെ പറയാനുണ്ടോ?) *അൽ ഖിലാഫതു ബൈനത്തൻളീരി വത്തത്ബീഖ്* 131).

10. സയ്യിദ് ഖുത്ബിന്റെ *ഫീ ളിലാലിൽ ഖുർആൻ* മൂന്നാം ഭാഗം (ഉദ്ധരണിയല്ല, ആശയസംഗ്രഹം).

11. ആധുനിക ഇസ്‌ലാമിക ചിന്തകരിൽ മുൻനിരയിലുണ്ടായിരുന്ന മുഹമ്മദുൽ ഗസ്സാലിയുടെ നിലപാട് നമ്മെ ആവേശം കൊള്ളിക്കുന്നതാണ്. യാഥാസ്ഥിതികതയുടെ ഇളക്കം തട്ടാത്ത കോട്ടയിലേക്ക് (അതായത് സ്ത്രീ വിഷയത്തിലുള്ള കടുത്ത നിലപാടിനെതിരെ) അദ്ദേഹം പടനയിക്കുകയായിരുന്നു. 'നബിചര്യ ഫിഖ്ഹിന്റെയും ഹദീസിന്റെയും വക്താ

ക്കൾക്കിടയിൽ' (*അസ്സുന്നത്തുന്നബവിയ്യ ബൈന അഹ്‌ലിൽ ഫിഖ്ഹി വ അഹ്‌ലിൽ ഹദീസ്*) എന്ന തന്റെ പുസ്തകത്തിൽ, ഇസ്‌ലാമിൽ സ്ത്രീയുടെ യഥാർഥ സ്ഥാനം വാദിച്ചുറപ്പിക്കുകയും ഇസ്‌ലാമിക നവോത്ഥാനത്തിൽ ക്രിയാത്മക പങ്കാളിത്തം വഹിക്കുന്നതിൽനിന്ന് സ്ത്രീകളെ നൂറ്റാണ്ടുകളായി തടഞ്ഞുകൊണ്ടിരിക്കുന്ന മാർഗതടസ്സങ്ങളെ തട്ടിനീക്കുകയുമാണ് അദ്ദേഹം ചെയ്യുന്നത്. പിന്നാക്കാവസ്ഥയുടെ ഇത്തരം സ്ത്രീവിരുദ്ധ ശേഷിപ്പുകൾ ദീനിന്റെ ഭാഗമല്ലെങ്കിലും അവ ദീനിന്റെ മറപറ്റിയാണ് നിലനിൽക്കുന്നത്. നമ്മൾ പറഞ്ഞുവന്ന കാര്യം തന്നെയാണ് അദ്ദേഹവും സമർഥിക്കുന്നത്. യോഗ്യതയുണ്ടെങ്കിൽ രാഷ്ട്രഭരണം ഉൾപ്പെടെയുള്ള പൊതുപദവികൾ വഹിക്കുന്നതിൽനിന്ന് സ്ത്രീയെ ഇസ്‌ലാം തടയുന്നില്ല. ഡോ. യൂസുഫുൽ ഖറദാവി സൂചിപ്പിക്കുന്നതുപോലെ, മുൻകാല പണ്ഡിതന്മാർ രാഷ്ട്രഭരണം (അൽവിലായ അൽആമ്മ) എന്ന് പറഞ്ഞിരുന്നത് ഖിലാഫത്ത് വ്യവസ്ഥയെ ആയിരുന്നു. അതായത് മുസ്‌ലിം സമൂഹത്തിന്റെ മൊത്തം കടിഞ്ഞാൺ കയ്യേൽക്കുന്ന അധികാരകേന്ദ്രം. അതിനാൽ ഇന്നത്തെ മുസ്‌ലിം രാഷ്ട്രങ്ങളെ 'വിലായ ആമ്മ' എന്ന് വിശേഷിപ്പിക്കാനാവുകയില്ല. അവ ഭരണപ്രവിശ്യകൾ (ഇമാറാത്ത്) മാത്രമാണ്. മാത്രവുമല്ല, ഇന്ന് രാഷ്ട്രഭരണം എന്ന് പറയുന്നത് കൂട്ടുത്തരവാദിത്വമാണ്. പങ്കാളിത്ത ഭരണമാണ് നടക്കുന്നത്. പലതരം സംവിധാനങ്ങളും സ്ഥാപനങ്ങളും വഴിയാണ് ഭരണനിർവഹണം. ഈ കൂട്ടുഭരണത്തിൽ സ്ത്രീ ഭരണാധികാരിയായാൽ തന്നെ അതിന്റെ ഒരു നിർണിത ഭാഗം മാത്രമാണ് അവൾ ഏറ്റെടുക്കുന്നത്. നിരുപാധികമായ അധികാരം അവൾക്ക് ലഭിക്കുന്നില്ല. അവൾ ഒരു കക്ഷിയുടെ നേതാവായി തെരഞ്ഞെടുക്കപ്പെടുകയാണ്. അതിനെ എതിർക്കുന്ന പ്രതിപക്ഷവും അവിടെയുണ്ടാവും. ഭരണകക്ഷിയുടെ നേതാവാണെങ്കിലും അവൾക്ക് ഒരു വോട്ടു മാത്രമേ ഉണ്ടാവൂ. പാർട്ടിയിലെ ഭൂരിപക്ഷവും എതിർക്കുകയാണെങ്കിൽ മറ്റേതൊരാളെപ്പോലെ അവൾക്കും അഭിപ്രായം മാറ്റേണ്ടിവരും (ഖറദാവിയുടെ *ഫിഖ്ഹുദ്ദൗലത്തി ഫിൽ ഇസ്‌ലാം*, പേജ് 176 എന്ന കൃതികാണുക). സ്ത്രീ വിഷയത്തിലുള്ള നിലപാടുകൾ രൂപപ്പെട്ടതിന്റെ ചരിത്ര പശ്ചാത്തലവും ഖറദാവി പരിശോധിക്കുന്നുണ്ട്. മുൻകാലങ്ങളിൽ ലോകം മുഴുക്കെ ഒരു വ്യക്തിയെ കേന്ദ്രീകരിച്ചുള്ള ഭരണമായിരുന്നു. സ്ത്രീകളാണെങ്കിൽ വേണ്ടത്ര ഉദ്ബുദ്ധരായിരുന്നില്ല. പൊതുജീവിതത്തിൽ അവർക്ക് പരിചയവും കുറവായിരുന്നു. ഈയൊരു ചരിത്രപശ്ചാത്തലത്തിലാണ് മേൽ വിവരിച്ച സ്ത്രീ നിലപാടുകളുടെ ഒട്ടുമിക്ക ഭൂമികകളും രൂപപ്പെട്ടത്. ഈ നിലപാടുകളിൽ പലതും ഇസ്‌ലാമിക ലക്ഷ്യങ്ങളിൽ പരമപ്രധാനമായ നീതിയോട് ഒത്തുപോകാത്തതുമാണ്. ദൈവഭക്തിയും ഉത്കൃഷ്ട സ്വഭാവങ്ങളുമായിരിക്കണം ശ്രേഷ്ഠതയുടെ മാനദണ്ഡമെന്ന് ഖുർആൻ അടിവരയിടുന്നുണ്ട്. ഈ വിഷയത്തിൽ നമുക്ക് കിട്ടിയ പൈതൃകത്തെ നിഷ്പക്ഷമായി വിശകലനം ചെയ്യേണ്ടതുണ്ടെന്നാണ് പറഞ്ഞുവരുന്നത്. മസിൽ പവർ ദുർബലമായതുകൊണ്ട് സ്ത്രീ അധികാര കേന്ദ്രങ്ങളിൽനിന്ന് അകറ്റിനിർത്തപ്പെടുകയായിരുന്നു; പാവങ്ങളും അവശരും അകറ്റിനിർത്തപ്പെട്ടതുപോലെ. 'ഒരു ആൺ ഉശിര് കാണിച്ചാൽ അവനെ അനുസരിക്കേണ്ടിവരും' എന്ന് പഴമൊഴി.

12. *ദസ്തൂറുൽ അഖ്‌ലാഖ്* (*നിളാമുൽ ഹുക്മു ഫിൽ ഇസ്‌ലാം* എന്ന കൃതിയിൽനിന്ന് ഉദ്ധരിച്ചത്) പേജ് 343.

13. *ദസ്തൂറുൽ അഖ്‌ലാഖ്.*